**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊടുങ്ങല്ലൂർ നഗരസഭയിലെ റിട്ട.ഹെൽത്ത് സൂപ്പർവൈസർ ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് ഫയൽ ചെയ്ത ഒ.എ (ഇകെഎം) നം.2006/2018 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02/09/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.38/2020/തസ്വഭവ തീയതി, തിരുവനന്തപുരം : 04/01/2020

പരാമർശം : 1) ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് (റിട്ട.ഹെൽത്ത് സൂപ്പർവൈസർ, കൊടുങ്ങല്ലൂർ നഗരസഭ) 12/07/2019 തീയതിയായി സമർപ്പിച്ചിട്ടുള്ള നിവേദനം (അനക്ഷർ - എ 6).

2) ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് (റിട്ട.ഹെൽത്ത് സൂപ്പർവൈസർ, കൊടുങ്ങല്ലൂർ നഗരസഭ) ഫയൽ ചെയ്ത ഒ.എ (ഇകെഎം) നം.2006/2018 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02/09/2019 തീയതിയിലെ വിധിന്യായം.

3) പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ 19/11/2019 തീയതിയിലെ എ 2-47943/19 നമ്പർ കത്ത്.

4) നഗരകാര്യ ഡയറക്ടറുടെ 27/11/2019 തീയതിയിലെ പി7-8235/2018 നമ്പർ കത്ത്.

5) കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ 28/11/2019 തീയതിയിലെ ജി1-8651/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഡി.സി.ആർ.ജി, പെൻഷൻ കമ്മ്യൂട്ടേഷൻ, പെൻഷൻ കുടിശ്ശിക തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ കൊടുങ്ങല്ലൂർ നഗരസഭയിലെ റിട്ട.ഹെൽത്ത് സൂപ്പർവൈസർ ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് ഫയൽ ചെയ്ത ഒ.എ (ഇകെഎം) നം.2006/2018 മേലുള്ള പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകൻ ലഭ്യമാക്കുന്ന തീയതി മുതൽ മൂന്നുമാസത്തിനകം അനക്ഷർ - എ 6 സംബന്ധിച്ച് അപേക്ഷകനേയും ടി കേസിലെ മൂന്നും ആറും എതിർകക്ഷികളായിട്ടുള്ള കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി, പാലക്കാട് നഗരസഭാ സെക്രട്ടറി എന്നിവരേയും നേരിൽ കേട്ട് ഒരു തീരുമാനമെടുക്കണമെന്ന് ടി കേസിലെ ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചു.

**2)** ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനായ ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ്, ടി കേസിലെ മൂന്നും ആറും എതിർകക്ഷികളായിട്ടുള്ള കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി, പാലക്കാട് നഗരസഭാ സെക്രട്ടറി എന്നിവരെ പ്രതിനിധീകരിച്ച് ടി നഗരസഭയിലെ സൂപ്രണ്ടുമാരെയും നഗരകാര്യ ഡയറക്ടറേറ്റിലെ പെൻഷൻ ഓഫീസറെയും 30/11/2019 ന് നേരിൽ കേട്ടു.

**3)** പ്രസ്തുത വിധിന്യായത്തിൽ പരാമർശിക്കുന്ന അനക്ഷർ-എ 6 എന്നത് നഗരകാര്യ ഡയറക്ടറുടെ 20/07/2018 തീയതിയിലെ പി7-8235/2018/ഡിയുഎ നമ്പർ ഉത്തരവ് നടപടിക്രമം പ്രകാരം 29,524/- രൂപ പെൻഷനും 11,45,529/- രൂപ ഡി.സി.ആർ.ജിയും 15,72,959/- രൂപ

പെൻഷൻ കമ്മ്യൂട്ടേഷനും അനുവദിച്ചിരുന്നുവെന്നും, എന്നാൽ 40,000/- രൂപ ബാധ്യതയുണ്ടെന്ന കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസി.ആർ.ജി തുക ലഭിച്ചിട്ടില്ലായെന്നും, ആയതിനാൽ പ്രസ്തുത തുകയും പി.എഫ് അക്കൗണ്ട് പരിശോധിച്ച് അർഹതപ്പെട്ട പി.എഫ് ആനുകൂല്യങ്ങൾ പലിശ സഹിതവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷകനായ ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് 12/07/2019 തീയതിയായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിവേദനമാണ്.

**4)** പാലക്കാട് നഗരസഭയിൽ സേവനത്തിലിരുന്ന കാലത്ത് ഔദ്യോഗിക ആവശ്യങ്ങൾക്കായി അഡ്വാൻസ് ഇനത്തിൽ 40,000/- രൂപ കൈപ്പറ്റുകയുണ്ടായെന്നും ആയത് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ടി തുക ക്രമീകരിയ്ക്കുന്നതിലേയ്ക്കായി എക്സ്പെന്റിച്ചർ വൗച്ചറുകൾ യഥാസമയം പാലക്കാട് നഗരസഭയിലെ അക്കൗണ്ട്സ് സെക്ഷന് കൈമാറിയിട്ടുണ്ടെന്നും എന്നാൽ അക്കൗണ്ട്സ് സെക്ഷൻ ആയത് ക്രമീകരിച്ച് നൽകിയില്ലായെന്നും ടി. സെക്ഷന്റെ ഫയൽ പരിശോധിച്ചാൽ ഈ വിവരങ്ങൾ മനസ്സിലാകുമെന്നും പ്രസ്തുത ഫയലുകൾ ടി സെക്ഷനിൽ നിന്നും നിലവിൽ കാണാതായിട്ടുണ്ട് എന്നാണ് അറിഞ്ഞതെന്നും അക്കൗണ്ട്സ് സെക്ഷന് സംഭവിച്ച വീഴ്ചയെ തുടർന്നാണ് നേരിൽ കേൾക്കാൻ അവസരം നൽകാതെ 40,000/- രൂപ തന്റെ ബാദ്ധ്യതയായി കണക്കാക്കിയതെന്നും, കൂടാതെ തന്റെ പ്രോവിഡന്റ് ഫണ്ട് കണക്ക് അവസാനിപ്പിച്ച് നഗരകാര്യവകുപ്പ് ഡയറക്ടറുടെ 27/03/2019-ലെ പിഎഫ്6/ 39380/17-ാം നമ്പർ ഉത്തരവ് പ്രകാരം 4,78,882-രൂപ അനുവദിച്ച് ഉത്തരവായെന്നും ആയത് തനിക്ക് അർഹതപ്പെട്ട തുകയേക്കാൾ വളരെ കുറവാണെന്നും ചിറ്റൂർ-തത്തമംഗലം, പാലക്കാട്, ഒററപ്പാലം, മണ്ണാർക്കാട്, ആലപ്പുഴ, കൊല്ലം നഗരസഭകളിൽ നിന്നും തന്റെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് കൃത്യമായി തുകകൾ ഒടുക്കാത്തതാണ് ഈ ക്രമക്കേടിന് കാരണമെന്നും. ആയതിനാൽ തനിക്ക് അർഹതപ്പെട്ട മേല്പറഞ്ഞ തുകകളും പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്നതിന് നേരിട്ട കാല താമസത്തിനുള്ള പലിശയും അനുവദിക്കണമെന്നും ഹിയറിംഗ് സമയത്ത് ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് അറിയിച്ചിരുന്നു.

**5)** ഔദ്യോഗിക ആവശ്യങ്ങൾക്കായി കൈപ്പറ്റിയ അഡ്വാൻസ് തുക ക്രമീകരിയ്ക്കുന്നതു സംബന്ധിച്ച ശ്രീ. എൻ.എൽ.വർഗ്ഗീസ് ജോബിന്റെ മേല്പറഞ്ഞ മൊഴി ശരിയായിരിക്കാൻ സാധ്യതയുണ്ടെന്നും പാലക്കാട് നഗരസഭയിലെ അക്കൗണ്ട്സ് സെക്ഷനെകുറിച്ച് ഇതിനുമുൻപും നിരവധി പരാതികൾ ലഭിച്ചിട്ടുണ്ടെന്നും, ശരിയായ രീതിയിലുള്ള മേൽനോട്ടത്തിന്റെ അഭാവം ആണ് ഇതിനു കാരണമെന്നും ഹിയറിംഗിന് ഹാജരായ നഗരകാര്യവകുപ്പ് ഡയറക്ടറേറ്റിലെ പെൻഷൻ ഓഫീസർ അറിയിച്ചിരുന്നു.

**6)** ശ്രീ. എൻ.എൽ.വർഗ്ഗീസ് ജോബിന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചത് സംബന്ധിച്ച് പരാമർശം (5) പ്രകാരം കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി ചുവടെച്ചേർക്കുംവിധം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

"ശ്രീ. എൻ. എൽ. വർഗ്ഗീസ് ജോബ് കൊടുങ്ങല്ലൂർ നഗരസഭ യിൽ ജോലിയിൽ പ്രവേശിച്ചത് 15.2.2017 ലാണ്. സർവ്വീസ് വിവരങ്ങൾ വെരിഫൈ ചെയ്യുന്നതിലേയ്ക്ക് ഒരു വർഷം മുമ്പ് പെൻഷൻ ബുക്ക് സമർപ്പി ക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നിട്ടും ടിയാനോട് പലതവണ ആവശ്യ പ്പെട്ടിട്ടും വിരമിക്കൽ തിയതിക്ക് ശേഷം മാത്രമാണ് ടിയാൻ പെൻഷൻ ബുക്ക് സമർപ്പിച്ചത്. ടി. നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച് ഒരു മാസ ത്തിനുശേഷം ടിയാൻ അവധിയിൽ പ്രവേശിക്കുകയും 31.05.2017-ൽ വിരമി ക്കുകയും ചെയ്തു. 04.06.2017-ലാണ് പെൻഷൻ ബുക്ക് ഹാജരാക്കിയത്. അപ്പോഴും ടിയാന്റെ ഒപ്പ് രേഖപ്പെടുത്തേണ്ട പലയിടത്തും അതില്ലായിരുന്നു. ആ ന്യൂനത പരിഹരിക്കുവാനും ഒപ്പിട്ട് നൽകുവാനും ഓഫീസിലെത്തണമെന്ന് പലതവണ ആവശ്യപ്പെട്ടിട്ടും ടിയാൻ തയ്യാറായില്ല. ബുക്ക് ഓഡിറ്റിലേയ്ക്ക് അയച്ചോളു അവിടെ ടിയാന് സ്വാധീനമുണ്ട് ടിയാൻ അവിടെ പോയി ഒപ്പിട്ടുകൊടുത്തു കൊളളാം എന്ന മറുപടിയാണ് ടിയാൻ

അന്നത്തെ സെക്രട്ടറിയോട് പറഞ്ഞത്. ന്യൂനത പരിഹരിക്കാതെ ബുക്ക് അയയ്ക്കാനാവില്ല എന്ന കർശന നിലപാട് എടുത്തതിനെ തുടർന്ന് ടിയാൻ വന്ന് ഒപ്പിട്ടുനൽകിയതിനു ശേഷമാണ് ബുക്ക് അയയ്ക്കാൻ കഴിഞ്ഞത്. ആ കാലയളവിൽ ഉണ്ടായ കാലതാമസത്തിനു ടിയാൻ മാത്രമാണ് ഉത്തരവാദി. അവസാനം 09.11. 2017-നു ബുക്ക് സ്റ്റേറ്റ് ഓഡിറ്റിലേയ്ക്ക് അയച്ചു. 06.01.2018-ൽ വീണ്ടും ചില അപാകതകൾ ചൂണ്ടിക്കാട്ടി അവ പരിഹരിക്കുന്നതിന് ഓഡിറ്റിൽനിന്നും ബുക്ക് തിരികെ വന്നിട്ടുള്ളതും 16.01.2018-ൽ പാലക്കാട് നഗരസഭയിലേയ്ക്ക് സേവന പുസ്തകം അപാകത പരിഹരിക്കുന്നതിന് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. 08.02.2018-ൽ അപാകത പരിഹരിച്ച് പാലക്കാട് നഗരസഭയിൽനിന്നും തിരികെ ലഭിച്ചിട്ടുള്ളതും ആയത് വെരിഫൈ ചെയ്ത് 07.03.2018-ൽ ഓഡിറ്റിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. 19.04.2018-ൽ റിട്ടയർമെന്റ് തിയതിയിലെ സ്ഥിതിക്ക് ശരിയാക്കി അയയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. 04.06.2018-ൽ വീണ്ടും ഡയറക്ടർക്ക് അയച്ചുകൊടുത്തു. 19.06.2018-ന് പേജ് നം.45-ന്റെ പകർപ്പ് അയച്ചുകൊടുക്കുവാൻ നഗരകാര്യവകുപ്പുഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം ആയത് അയച്ചുകൊടുത്തു. 20.07.2018-ന് പെൻഷൻ അനുവദിച്ച ഉത്തരവ് ആയി. ആയതിൽ പാലക്കാട് നഗരസഭയിലെ ബാധ്യത 40000 രൂപ വസൂലാക്കുന്നതിനും കൊല്ലം, ചിറ്റൂർ തത്തമംഗലം നഗരസഭകളിൽനിന്ന് എൻ.എൽ.സി ലഭ്യമാക്കിയതിനു ശേഷവും ബാധ്യതകൾ കണ്ടെത്തുകയാണെങ്കിൽ ആയതുകൂടി ഈടാക്കിയതിനുശേഷം മാത്രം ഡി.സി.ആർ.ജി നല്കിയാൽ മതിയെന്ന് ഉത്തരവിൽ സൂചിപ്പിച്ചിരുന്നു. കൊല്ലം നഗരസഭ യിൽനിന്നും എൻ.എൽ. സി ലഭിച്ചിരുന്നില്ല. ആയതുപ്രകാരം പെൻഷൻ അരിയർ 5,47,752 രൂപയും പെൻഷൻ കമ്മ്യൂട്ടേഷൻ 15,72,959 രൂപയും കൂടി 21,20,711 രൂപ 22.10.2018 ലെ 18607 നമ്പർ ചെക്ക് പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയിൽനിന്നും അനുവദിച്ചിട്ടുള്ളതാണ്. നഗരകാര്യവകുപ്പുഡയറക്ടറുടെ ഓഫീസിലെ ഫോൺസന്ദേശപ്രകാരം ബാക്കി നൽകാനുള്ള ഡി.സി. ആർ. ജി 40,000 രൂപ വസൂലാക്കി 11,05,529 രൂപ 12.11.2018 ലെ 18512 നമ്പർ ചെക്ക് പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. നഗരസഭയിൽ തനത് ഫണ്ട് ഇല്ലാത്തതിനാൽ ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നുമാണ് പെൻഷനും ഡി.സി.ആർ.ജി യും അനുവദിക്കുന്നത്. ആയതുകൊണ്ടുതന്നെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിക്കുന്നില്ല എന്ന തരത്തിൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് പരാമർശമുള്ളതാണ്. ഇതിനിടയിലാണ് ടി. നഗരസഭയിൽ യാതൊരു സേവനവും നൽകാത്ത ടിയാന് ഇത്രയും തുക അനുവദിച്ചിട്ടുള്ളത്.

ടെർമിനൽ സറണ്ടർ കൃത്യമായിട്ടു തന്നെയാണ് നല്കിയിട്ടുള്ളത്. പാലക്കാട് നഗരസഭയിലെ ലീവ് വെരിഫിക്കേഷനുശേഷം 6 ലീവ് ടിയാൻ അധികമായി സറണ്ടർ ചെയ്തിട്ടുള്ളതാണെന്നും കൂടുതലായി കൈപ്പറ്റിയത് തിരിച്ചടക്ക ണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിന് പലിശ ഈടാക്കാൻ ഉത്തരവ് ഉണ്ടാകണം.

സർവ്വീസ് ബുക്ക് വെരിഫിക്കേഷനും പെൻഷൻബുക്ക് വെരിഫിക്കേഷനുമായി ഏകദേശം ഒരു വർഷത്തോളം സമയമെടുക്കുമെന്നിരിക്കെ ടിയാൻ പെൻഷൻ ബുക്ക് സമർപ്പിച്ചത് റിട്ടയർമെന്റ് തിയതി കഴിഞ്ഞതിനുശേഷം മാത്രമാണ്. പെൻഷൻ ഉത്തരവാകുന്നത് വരെയുണ്ടായ കാലതാമസത്തിന് ശ്രീ. എൻ.എൽ.വർഗ്ഗീസ് ജോബ് മാത്രമാണ് ഉത്തരവാദി. നഗരസഭയിലെ കൃത്യാന്തരബാഹുല്യത്തിനിടയിൽ പരമാവധി വേഗത്തിൽ ആയത് ശരിയാക്കി നല്കിയിട്ടുള്ളതുമാണ്. ഉത്തരവായതിനുശേഷം കൊടുങ്ങല്ലൂർ നഗരസഭയുടെ ഭാഗത്തുനിന്നും തുക നൽകുവാൻ കാലതാമസം നേരിട്ടിട്ടില്ലാത്തതാണ്. അതുകൊണ്ട് തന്നെ പലിശ നൽകുന്നതിന് നഗരസഭയ്ക്ക് യാതൊരു ബാധ്യതയും ഇല്ല".

**7)** പ്രസ്തുത വിഷയം സംബന്ധിച്ച് പാലക്കാട് നഗരസഭാ സെക്രട്ടറി പരാമർശം (3) പ്രകാരമ ചുവടെച്ചേർക്കുംവിധം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

"ശ്രീ. എൻ. എൽ. വർഗ്ഗീസ് ജോബ് പാലക്കാട് നഗരസഭ യിൽ സേവനത്തിലിരുന്ന കാലത്ത് ഔദ്യോഗിക ആവശ്യങ്ങൾക്കായി അഡ്വാൻസ് ഇനത്തിൽ 40,000/- രൂപ കൈപ്പറ്റുകയുണ്ടായി. ടിയാൻ ടിതുക ക്രമീകരിച്ചിട്ടില്ലാത്തതിനാലാണ് ടിയാന്റെ ബാദ്ധ്യതയായി സാക്ഷ്യപത്രം നൽകുകയും ആയത് ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്ന് വസൂലാ ക്കിയിട്ടുള്ളതും.

ടിയാൻ കൈപ്പറ്റിയ മുൻകൂർ തുകകൾ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതായും ബന്ധപ്പെട്ട വൗച്ചറുകൾ നഗരസഭാ കൗൺസിൽ /സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അതാത് സെക്ഷനിൽ സമർപ്പിച്ച് മുൻകൂർ തുക ക്രമീകരിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതും അതിന്റെ ക്രമീകരിച്ചുകൊണ്ടുള്ള രേഖകൾ കൈപ്പറ്റേണ്ടതുമാണ്. ആയത് ടിയാന്റെ ചുമതലയാണ്. ആയത് പ്രകാരം ടിയാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ടിയാൻ കൈപ്പറ്റിയ മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടുള്ളതായി ബന്ധ പ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിലും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ടി സാഹചര്യത്തിൽ വൗച്ചറുകളോ ബന്ധപ്പെട്ട രേഖകളുടെ പകർപ്പോ ഹാജരാക്കുവാൻ ടിയാനോട് നഗരസഭാ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ടിയാൻ സമർപ്പിക്കുകയാണെങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്". പാലക്കാട് നഗരസഭാ സെക്രട്ടറി നിർദ്ദേശിച്ചപ്രകാരം 40,000 രൂപ അഡ്വാൻസ് ക്രമീകരിക്കുന്നതിലേയ്ക്കായി എക്സ്പെന്റിച്ചർ വൗച്ചറുകളുടെ പകർപ്പ് നഗരകാര്യ വകുപ്പ് ഡയറക്ടർ / പാലക്കാട് നഗരസഭാ സെക്രട്ടറി മുമ്പാകെ ഹാജരാക്കുവാൻ തയ്യാറാണെന്ന് ഹിയറിംഗ് സമയത്ത് ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് അറിയിച്ചിരുന്നു.

**8)** ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് ജോലി നോക്കിയിരുന്ന എല്ലാ നഗരസഭകളുടെയും കണക്കുകൾ ഒത്തുനോക്കി കൃത്യതവരുത്തിയാണ് ടിയാന്റെ പ്രോവിഡന്റ് ഫണ്ട് കണക്ക് അവസാനിപ്പിച്ച് നഗരകാര്യവകുപ്പുഡയറക്ടറുടെ 27/03/2019-ലെ പിഎഫ്6/ 39380/17-ാം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും, ക്ഷാമബത്ത കുടിശ്ശികയിനത്തിൽ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കാത്ത ഏതെങ്കിലും തുകകൾ അവശേഷിക്കുന്ന പക്ഷം ആയത് നിയമാനുസൃത പലിശ സഹിതം ബന്ധപ്പെട്ട നഗരസഭാ ഫണ്ടിൽ നിന്നും ടിയാന് നേരിട്ട് നൽകാനും മേൽപ്രകാരമുള്ള ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെന്നും, ടിയാന്റെ പ്രോവിഡന്റ് ഫണ്ട് അവസാനിപ്പിച്ച കണക്കിൽ ഏതെങ്കിലും തുകകൾ ചേർത്തിട്ടില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് ടിയാൻ അപേക്ഷ സമർപ്പിച്ചാൽ ആയത് വിശദമായി പരിശോധിച്ച് അർഹതയുണ്ടെങ്കിൽ ടിയാന് അനുവദിച്ച് നൽകുന്നതാണെന്നും പരാമർശം (4) പ്രകാരം നഗരകാര്യ വകുപ്പുഡയറക്ടർ റിപ്പോർട്ട് ചെയ്തു. നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ചതുപ്രകാരം പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ ഇനിയും ലഭിക്കാത്ത തുകയെ സംബന്ധിച്ച വിവരങ്ങൾ നഗരകാര്യ വകുപ്പ് ഡയറക്ടർ മുമ്പാകെ സമർപ്പിയ്ക്കുവാൻ തയ്യാറാണെന്ന് ഹിയറിംഗ് സമയത്ത് ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് അറിയിച്ചിരുന്നു.

**9)** പരാമർശം (3) മുതൽ (5) വരെയുള്ള പാലക്കാട് നഗരസഭാ സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി എന്നിവരുടെ റിപ്പോർട്ടുകൾ സഹിതം സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ്, അഡ്വാൻസ് ആയി കൈപ്പറ്റിയ 40,000/-രൂപയുമായി ബന്ധപ്പെട്ട് ടിയാൻ ഹാജരാക്കിയതായി പറയുന്ന എക്സ്പെന്റിച്ചർ വൗച്ചറുകൾ ഉൾക്കൊള്ളുന്ന പാലക്കാട് നഗരസഭയിലെ അക്കൗണ്ട്സ് സെക്ഷന്റെ ഫയൽ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് കണ്ടെടുക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുവാനും, പാലക്കാട് നഗരസഭാ സെക്രട്ടറി നിർദ്ദേശിച്ചതുപ്രകാരം 40,000/- രൂപ അഡ്വാൻസ് ക്രമീകരിയ്ക്കുന്നതിലേയ്ക്കായി ടിയാൻ ലഭ്യമാക്കുന്ന എക്സ്പെന്റിച്ചർ വൗച്ചറുകളുടെ പകർപ്പ് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുവാൻ നഗരകാര്യവകുപ്പ ഡയറക്ടർക്കും പാലക്കാട് നഗരസഭാ സെക്രട്ടറിക്കും നിർദ്ദേശം നൽകുന്നു. കൂടാതെ പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ ഇനിയും ലഭിക്കേണ്ട തുകയെ സംബന്ധിച്ച് ടിയാൻ ലഭ്യമാക്കുന്ന വിവരങ്ങൾ പരിശോധിച്ച് ഈ ഇനത്തിൽ ഏതെങ്കിലും തുക നൽകാൻ ശേഷിക്കുന്നു ണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിനും പാലക്കാട് നഗരസഭയിലെ അക്കൗണ്ട്സ് സെക്ഷന്റെ പ്രവർത്തനങ്ങൾ പരാതിയ്ക്കിടവരാത്തവിധം മെച്ചപ്പെടുത്തുവാൻ കർശനനടപടി സ്വീകരിക്കുവാനും നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

**10)** മേൽ സാഹചര്യത്തിലും, നഗരകാര്യവകുപ്പ ഡയറക്ടറുടെയും കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെയും മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പെൻഷൻ

ആനുകൂല്യങ്ങൾ നല്കുന്നതിന് നേരിട്ട കാലതാമസത്തിന് പലിശ അനുവദിയ്ക്കണമെന്നുള്ള ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബിന്റെ പരാമർശം (1) പ്രകാരമുള്ള അനക്ഷർ - എ 6 നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

**11)** പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് 02/12/2019 തീയതിയായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്റെ പകർപ്പ് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊടുങ്ങല്ലൂർ നഗരസഭ
സെക്രട്ടറി, പാലക്കാട് നഗരസഭ
ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ്, റിട്ട.ഹെൽത്ത് സൂപ്പർവൈസർ, കൊടുങ്ങല്ലൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ